# നേട്ടമോ കോട്ടമോ!

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഇത് കഥയോ വാക്സാമർത്ഥ്യമോ അല്ല. പച്ചയായ മനുഷ്യന്റെ പൊള്ളുന്ന ജീവതയാഥാർത്ഥ്യമാണ്. ഇന്ന് അമേരിക്കയിൽ ജീവിക്കുന്ന/താമസിക്കുന്ന മലയാളികളുടെ/ഇന്ത്യാക്കാരന്റെ കാര്യമാണ്. ഇവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ, കണ്ണീരൊപ്പാൻ ആരെങ്കിലുമുണ്ടോ? കേരളത്തിൽ/ഇന്ത്യയിൽ നിന്നു വരുന്ന മന്ത്രിയേയോ, എം.പിയേയോ, എം. എൽ. ഏയോ സ്വീകരിച്ച് സൽക്കരിച്ചു വിടുമ്പോൾ ഇവിടെയുള്ള സാധാരണ ജനങ്ങളുടെ കണ്ണീർ അവർ കാണുകയോ, അതൊപ്പാൻ അവർ പരിശ്രമിക്കുകയോ ചെയ്യാറുണ്ടോ?

ഇക്കഴിഞ്ഞ ദിവസം നടന്ന ഒരു സംഭവമാണ് താഴെ ഉദ്ധരിക്കുന്നത്. ഇവിടെ കഷ്ടപ്പെട്ട് താമസിക്കുന്ന ഒരു മലയാളി സ്ത്രീ, അവർ അമേരിക്കൻ പൗരയാണ്. പ്രഭാതം മുതൽ പ്രദോഷം വെരെ ശരിക്കും കഷ്ടപ്പെട്ട് ജീവിക്കുന്ന ഒരു സ്ത്രീ. അതിരാവിലെ വീട്ടിലുള്ള എല്ലാവർക്കും ഭക്ഷണം പാകം ചെയ്ത് കൊടുത്ത ശേഷം അതിരാവിലെ ജോലിക്കു പോയാൽ രാത്രിയായ ശേഷമേ വീട്ടിൽ എത്താറുള്ളു. വീട്ടിൽ എത്തിക്കഴിഞ്ഞാൽ വീട്ടിലുള്ളവർക്കെല്ലാം ഭക്ഷണം പാകം ചെയ്ത് പാത്രങ്ങൾ എല്ലാം കഴുകി വെടിപ്പാക്കിയശേഷം ചുരുങ്ങിയ സമയം മാത്രം വിശ്രമിക്കാൻ ലഭിക്കുകയുള്ളു. അമേരിക്കയിൽ ജീവിക്കുന്ന ഇന്ത്യാക്കാർ, മലയാളികൾ ഉൾപ്പെടെ ഉള്ളവർ മണലുകൊണ്ട് കയർ പിരിച്ച് തുച്ഛമായ ഡോളർ ഉണ്ടാക്കി ജീവിക്കുന്നവരാണ്. മേല്പറഞ്ഞ സ്ത്രീ അമേരിക്കൻ പൗരയായിപ്പോയി. അവർക്ക് ജന്മനാടായ കേരളത്തിൽ പോകേണ്ട ആവശ്യകത വന്നു.

അവരുടെ അമേരിക്കൻ പാസ്പോർട്ടിൽ ഇന്ത്യൻ വിസ വേണം. അവർ ഡിട്രോയിൽ താമസിക്കുന്നയാളാണ്. പഴയ കാലം മുതൽ ചെയ്യുന്നതുപോലെ പാസ്പോർട്ട് ചിക്കാഗോയിലുള്ള കൗൺസിലേറ്റിൽ ഏജന്റന്മാർ മുഖേന അയച്ചു കൊടുത്തു. ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ മടങ്ങി വന്നിരിക്കുന്നു, പാസ്പോർട്ട് ഉടമ നേരിട്ട് ചിക്കാഗോയിലുള്ള അമേരിക്കൻ കൗൺസിലേറ്റിൽ ചെന്നെങ്കിൽ മാത്രമേ വിസ അടിച്ചു് കൊടുക്കത്തുള്ളു എന്ന റിമാർക്കുമായി. ചിക്കാഗോയിലെ ഇന്ത്യൻ കൗൺസിലേറ്റിൽ എയർകണ്ടീഷന്റെ ശീതള സൗകര്യത്തിലിരുന്ന് അരുളിചെയ്യുന്നവർക്കറിയത്തില്ല അതിൽ വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ.

ചിക്കാഗോയും ഡിട്രോയിറ്റും തമ്മിൽ ഏകദേശം മുന്നൂറു മൈൽ ദൂരം കരമാർഗ്ഗം ഉണ്ട്. വണ്ടി ഓടിച്ചു പോകുന്ന ഒരാൾക്ക് സൂക്ഷം അഞ്ചു മണിക്കൂർ നിർത്താതെ പോയാൽ മാത്രമേ അവിടെ എത്തിച്ചേരാൻ സാധിക്കുകയുള്ളു. പിന്നീട് അഡ്രസ് അന്വേഷിച്ച് കണ്ടു പിടിക്കുന്നത് വേറെ ബുദ്ധിമുട്ട്.

വിമാനത്തിൽ പോകുന്ന ഒരാൾക്ക് ഏകദേശം ഒരു മണിക്കൂർ യാത്ര വിമാനത്തേൽ കഴിഞ്ഞാൽ അതിലും കൂടുതൽ സമയം ടാക്സി പിടിച്ച് അവിടെ ചെല്ലാൻ. രണ്ടു മാർഗ്ഗത്തിൽ കൂടി ആയാലും ധാരാളം പണച്ചിലവും ഉണ്ട്.

നമ്മുടെ കഥാപാത്രം ചിക്കാഗോയ്ക്ക് വണ്ടി ഓടിച്ച് പോകാൻ തന്നെ പദ്ധതിയിട്ടു. അതിരാവിലെ അവിടെ ചെന്നില്ലങ്കിൽ കൗൺസിലേറ്റിലെ ക്യൂവിൽ നിന്ന് അവിടെ നിന്നും കാര്യം സാധിച്ച് മടങ്ങി വരാൻ സാധിക്കത്തില്ല. അവരുടെ ഭർത്താവിനോട് കാര്യങ്ങൾ ബോധിപ്പിച്ചപ്പോൾ അദ്ദേഹത്തിന് രാത്രി ഉറക്കിളച്ച് വണ്ടി ഓടിക്കാൻ പ്രയാസം. ഇപ്പോൾ ജോലി ഇല്ലാതിരിക്കുന്ന ആളായതുകൊണ്ട് ജോലിയിൽ നിന്നും അവധി എടുക്കണമെന്ന ബുദ്ധിമുട്ടില്ല. വണ്ടി ഓടിക്കേണ്ട, വെറുതെ വണ്ടിയിൽ കൂട്ടിനിരിക്കാൻ പോലും പ്രായോഗികമായ് അദ്ദേഹത്തിന് പ്രയാസമാണ്. അവസാനം മകളെ കൂട്ടിനിരുത്തി വണ്ടി ഓടിച്ചു പോകാൻ തന്നെ തീരുമാനിച്ചു. അപ്പോൾ അടുത്ത പ്രശ്നം, മകൾക്ക് അടുത്ത ദിവസം ക്ലാസു കളഞ്ഞ് യാത്ര പുറപ്പെടാൻ പറ്റത്തില്ല. അതിനടുത്ത ദിവസത്തേക്ക് യാത്ര പിന്നേയും മാറ്റി വെച്ചു.

വെളുപ്പിന് മൂന്നുമണിക്ക് ഡിട്രോയിറ്റിൽ നിന്ന് യാത്ര തിരിക്കാമെന്ന് ഉറപ്പാക്കി. ആസമയത്ത് നല്ല ഉറക്കം ശീലിച്ചിട്ടുള്ള മകളെ കഷ്ടപ്പെട്ട് കൂട്ടിനിരുത്തി. വണ്ടിയേൽ കയറിയതും മകൾ ചുരുണ്ടു കൂടി വശം തിരിഞ്ഞ് കിടന്നുറക്കമായി.

ചിക്കാഗോയിലെ കൗൺസിലേറ്റിൽ ചെന്നെത്താനായിട്ടുള്ള മെഷീൻ പോലും കയ്യിലില്ല. അത് വാങ്ങാൻ തക്ക സാമ്പത്തിക കഴിവ് ഇല്ല. വഴിയിൽ ആരോടെങ്കിലും വഴി ചോദിക്കാമെന്നു കരുതിയാൽ നമ്മുടെ നാട്ടിലെപ്പോലെ ജോലിയില്ലാതെ വഴിനീളെ തെണ്ടിതിരിഞ്ഞ് നടക്കുന്ന ആൾക്കാരെ ഇവിടെ അമേരിക്കയിൽ കണ്ടു കിട്ടുകയില്ല.

വളരെയധികം കഷ്ടപ്പെട്ട് അവിടെ എത്തിയപ്പോൾ ചിക്കാഗോ സമയം ഏഴര. ചിക്കാഗോയും ഡിട്രോയിറ്റും തമ്മിൽ ഒരു മണിക്കൂർ വ്യത്യാസം ഉണ്ട്. ഡിട്രോയിറ്റിൽ എട്ടരയാകുമ്പോൾ ചിക്കാഗോയിൽ ഏഴരയാകത്തുള്ളു. അല്പ സമയം നേരത്തെ വന്നതുകൊണ്ട് പ്രശ്നമില്ലല്ലോ. അത്യാവശ്യ പ്രഭാതകൃത്യങ്ങൾ വളരെ കഷ്ടപ്പെട്ട് നിർവ്വഹിച്ച ശേഷം അമ്മയും മകളും കൂടെ കൗൺസിലേറ്റലേക്ക് പോകാനായി ഒരുങ്ങി. ഡിട്രോയിറ്റിൽ താമസിക്കുന്ന അവർക്ക് ചിക്കാഗോയിൽ എവിടെയാണ് വണ്ടി ഇടേണ്ടണ്ടതെന്ന് അറിയത്തില്ല. വളരെ കഷ്ടപ്പെട്ട് അതിനുള്ള സ്ഥലവും സൗകര്യവും കണ്ടു പിടിച്ച് ഒരു വിധത്തിൽ കൗൺസിലേറ്റിൽ ചെന്നെത്തി.

നേരം വെളുത്ത് കൗസിലേറ്റ് തുറന്നപ്പോഴേക്കും നീണ്ട ഒരു നിര അവിടെ ആയിക്കഴിഞ്ഞു. നമ്മുടെ നാട്ടിലെ ബിവറേജ് കടയിലുള്ളതിനേക്കാൾ നീണ്ട ക്യൂ. ആ വാലിന്റെ അറ്റത്ത് അമ്മ പോയ് നിന്നു. മകൾക്ക് അതിനുള്ള ക്ഷമയില്ലാതെ ദൂരെ പോയിരുന്നു. മണിക്കൂറുകൾ നിന്നപ്പോൾ അവർ അതിന്റെ മുന്നിലായെന്നാശ്വസിച്ചപ്പോൾ അവർ ജനലടച്ച് ബ്രേക്കിനായിപ്പോയി. ദേഷ്യം വരുന്നുണ്ടെങ്കിലും ക്ഷമയോടു കൂടെ കാത്തു നിന്നു. രാത്രി മുഴുവനും ഉറക്കമിളച്ച് വണ്ടി ഓടിച്ച ക്ഷീണം മൂലം അവർ തളർന്ന് താഴെ വീഴുമെന്നായി. അവസാനം അവിടെ തറയിൽ കുത്തിയിരുന്നു. നീണ്ട കാത്തിരിപ്പിനു ശേഷം അവസാനം അവർ ജനാല തുറന്നു. അവൾ ഒരു വിധംതാങ്ങിപ്പിടിച്ച്എഴുന്നേറ്റു. തൊണ്ടയിലെവെള്ളം വറ്റിയിരിക്കുന്നു. പ്രമേഹത്തിന്റെ അസുഖമുള്ള അവർക്ക് താങ്ങാവുന്നതിനപ്പുറമായിരുന്നു. അവൾ ഒരു വിധം കാര്യങ്ങൾ പറഞ്ഞ് പണവും കെട്ടി. അപ്പോൾ കൗൺസിലേറ്റിൽ നിന്നുള്ള ഉത്തരവ്: പൊയ്ക്കോ, തപാലിൽ പാസ്പോർട്ട് അയച്ചു തന്നേക്കാം. പിന്നെന്തിനാണ് അവർ അവളെ അവിടെ വിളിച്ചു വരുത്തിയത്. ഇതുകൊണ്ട് എന്ത് നേട്ടമാണ് ഉണ്ടാവുക. അമേരിക്കയിൽ കഷ്ടപ്പെട്ട് ജീവിക്കുന്നവരെ സഹായിക്കാനോ അതല്ല ഉപദ്രവിക്കാനോ ആണോ ഈ കൗൺസിലേറ്റുകൾ ഉണ്ടാക്കിയിരിക്കുന്നത്. ഇതുകൊണ്ടുള്ള നേട്ടവും കോട്ടവും ബന്ധപ്പെട്ടവർ മനസ്സിലാക്കി എത്രയും പെട്ടെന്ന് സത്വര നടപടികൾ എടുത്ത് ഇവിടെ താമസിക്കുന്ന ഇന്ത്യാക്കാരെ സഹായിക്കാൻ വേണ്ടത് ചെയ്യണം. നമ്മൾക്ക് പരസ്പരം സഹായിച്ച് ഇവിടെ സ്വർഗ്ഗം പണിയാൻ പരിശ്രമിക്കാം.